നം.എ5/പി.ഡി.എൻ/എം.ബി.എസ്7/2008

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം.
തീയതി: 11.02.2011.

**യു.ഒ. നോട്ട്**

വിഷയം:- മോട്ടോർ വാഹന വകുപ്പ് - ജീവനകാര്യം - ഫയലുകളിൽ തീർപ്പുകൽപിക്കൽ ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാർ കത്ത് നം: പി.ഡി.എൻ 2/ എ.ആർ 14(2)/08/2010/പി & എ.ആർ.ഡി തീയതി: 27/12/2010.

സൂചനപ്രകാരം, മോട്ടോർ വാഹന വകുപ്പിൽ 77% പരം ഫയലുകൾ തീർപ്പു കൽപിക്കാനുള്ളതായി സർക്കാർ പിന്നാവലോകന കുറിപ്പിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽ ഈ ഓഫീസിലെ എല്ലാ സെക്ഷൻ ക്ലാർക്കുമാരും സൂപ്പർവൈസറി ഉദ്യോഗസ്ഥരും, അവരവരുടെ സീറ്റിലുള്ള തീർപ്പാക്കാനുള്ള ഫയലുകളിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതും, സർക്കാരിലേയ്ക്ക് മറുപടി അയയ്ക്കേണ്ടതായ ഫയലുകളിൽ അടിയന്തിരമായി മറുപടി നൽകേണ്ടതും, ഈ ഓഫീസിൽ തന്നെ തീർപ്പുകൽപ്പിക്കേണ്ടതായ ഫയലുകളിൽ അത്യാവശ്യ നടപടി സ്വീകരിച്ച് പരാമാവധി ഫയലുകൾ തീർപ്പാക്കേണ്ടതാണ്. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/സബ്ബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ലഭിക്കാനുള്ളതായ ഫയലുകളിൽ, ഓർമ്മപ്പെടുത്തലും, ഇ-മെയിൽ സന്ദേശം, ഫാക്സ് സന്ദേശം തുടങ്ങിയവ വഴിയും നിശ്ചിത സമയത്തിനുള്ളിൽ മറുപടി ലഭ്യമാക്കേണ്ടതാണ്. മറുപടി നൽകാത്ത ഓഫീസുകളെ സംബന്ധിച്ച് ഉന്നത അധികാരികളെ വിവരം ധരിപ്പിക്കേണ്ടതാണ്.

സർക്കാരിന്റെ 01.12.1993 ലെ 3721/ഔ.ഭാ.3/93/പൊ.ഭ.വ എന്ന വിജ്ഞാപനമനുസരിച്ച് മോട്ടോർ വാഹന വകുപ്പിൽ മലയാളം ഔദ്യോഗിക ഭാഷയായി അംഗീകരിച്ചിട്ടുണ്ട്. ആയതുകൊണ്ട് ഈ വകുപ്പിൽ എല്ലാ ഫയലുകളും മലയാളത്തിൽ മാത്രമേ കൈകാര്യം ചെയ്യാൻ പാടുള്ളൂ. ഇത് സംബന്ധിച്ച നിർദ്ദേശം പലപ്രാവശ്യം നൽകിയിട്ടുള്ളതാണ്. നോട്ട് ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്താൽ, ടി ഫയൽ മലയാളം ഫയലായി കരുതാവുന്നതാണ്. ആയതിനാൽ ഈ ഓഫീസിലെ എല്ലാ ജീവനക്കാരും തങ്ങളുടെ സെക്ഷനിലുള്ള ഫയലുകൾ കഴിവതും മലയാളത്തിൽ കൈകാര്യം ചെയ്യണമെന്ന് അറിയിക്കുന്നു.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

To

എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും, ക്ലാർക്കുമാർക്കും.

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
} മേൽ നടപടിയ്ക്കായി

അംഗീകാരത്തോടു കൂടി

സീനിയർ സൂപ്രണ്ട്